## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- കോഴിക്കോട് ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലികം) ശ്രീ സുരേന്ദ്രൻ. കെ. കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം. 138/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 13/1/2016**

---

പരാമർശം : 1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09.04.2012 ലെ എ 1. 3404/2012 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 06.10.2015 ലെ ഇ 6-21548/2015 നമ്പർ കത്ത്

## ഉത്തരവ്

27.02.2004 ന് സേവനത്തിൽ പ്രവേശിച്ച കോഴിക്കോട് ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലികം) ശ്രീ. സുരേന്ദ്രൻ കെ കെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 26.02.2006 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും തുടർന്ന് 21.01.2012 ൽ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 22.01.2012 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 23.01.2012 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലികം) ശ്രീ. സുരേന്ദ്രൻ. കെ. കെ എം. ഒ. പി പരീക്ഷ വിജയിച്ച 21.01.2012 ന്റെ തൊട്ടടുത്ത ദിവസമായ 22.01.2012 ന് ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ

പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 22.01.2012 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, അരീക്കോട് ഗ്രാമപഞ്ചായത്താഫീസ്, കോഴിക്കോട്.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ